# ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം

വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035

ഫോൺ: 0471-2302490 ഫാക്സ്: 0471-2303025/20303080

ഇ-മെയിൽ: dhskerala@gmail.com വെബ്സൈറ്റ്: www.dhs.kerala.gov.in

നം. ഇ.എച്ച്.1-35189/2021/ആ.വ.ഡ. തീയതി: 11-11-2021

## ആരോഗ്യവകുപ്പിലെ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റ മാനദണ്ഡം സംബന്ധിച്ച കരട് മാർഗ്ഗനിർദ്ദേശങ്ങൾ

പരാമർശം: 1) സ.ഉ.(ആർ.റ്റി)നമ്പർ: 480/2020/ആ.കു.വ, തീയതി: 03-03-2020
2) സ.ഉ. നമ്പർ 2419/2021/ആ.കു.വ, തീയതി: 03-11-2021
3) 06-09-2021 ലെ ഇതേ നമ്പർ കത്ത്

------------

സർക്കാർ പരാമർശ ഉത്തരവ് (2) പ്രകാരം പൊതു സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡങ്ങൾ പ്രഖ്യാപിച്ചിരിക്കുന്നു. 2021 ലെ ആരോഗ്യ വകുപ്പിലെ പൊതു സ്ഥലംമാറ്റം സുഗമമായി നടപ്പിലാക്കുന്നതിനായി താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ സ്ഥാപന മേധാവികൾക്കും എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും, ജീവനക്കാർക്കും നൽകിക്കൊള്ളുന്നു.

### സ്ഥാപന മേധാവികൾക്കുള്ള നിർദ്ദേശങ്ങൾ

1) ജില്ലയ്ക്ക് പുറത്തേയ്ക്കുള്ള സ്ഥലംമാറ്റങ്ങൾ വകുപ്പ് അധ്യക്ഷൻ നടത്തിയതിനു ശേഷം മാത്രമേ ജില്ലയ്ക്കകത്തുള്ള സ്ഥലംമാറ്റങ്ങൾ നടത്താൻ പാടുള്ളൂ.

2) താത്ക്കാലിക നിയമനങ്ങൾ നടത്തിയിട്ടുള്ള തസ്തികകൾ പൊതുവായ സ്ഥലംമാറ്റത്തിനുള്ള ഒഴിവുകൾ ആയി പരിഗണിക്കുന്നതാണ്.

3) പൊതുസ്ഥലംമാറ്റം സംബന്ധിച്ചുള്ള ജില്ലാതല പരാതികൾ ജില്ലാതല ഉദ്യോഗസ്ഥർക്കും, സംസ്ഥാനാടിസ്ഥാനത്തിലുള്ള പരാതികൾ വകുപ്പ് തലവനും നേരിട്ട് നൽകാവുന്നതാണ്. ജില്ലാതല സ്ഥലംമാറ്റം സംബന്ധിച്ച പരാതികൾ ജില്ലാ മെഡിക്കൽ ഓഫീസർ, ഡെപ്യൂട്ടി മെഡിക്കൽ ഓഫീസർ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് എന്നിവർ അടങ്ങുന്ന ഒരു കമ്മിറ്റി പരിശോധിച്ച് ശുപാർശ സഹിതം ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

4) ആരോഗ്യവകുപ്പിൽ സംസ്ഥാനതല സ്ഥലംമാറ്റങ്ങളിലുള്ള പരാതികൾ, ആരോഗ്യവകുപ്പ് ഡയറക്ടർ, ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്), സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി പരിശോധിച്ച് തീർപ്പ് കൽപ്പിക്കുന്നതാണ്.

5) വകുപ്പ് അധ്യക്ഷൻ അടങ്ങുന്ന പുനഃപരിശോധന കമ്മിറ്റിയുടെ തീരുമാനങ്ങളിൽ പരാതിയുള്ള പക്ഷം അവയിന്മേൽ ആരോഗ്യവകുപ്പ് സെക്രട്ടറിയ്ക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്.

6) സ്ഥലംമാറ്റം സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങളും നിയമങ്ങളും ലംഘിക്കുന്നത് ഗൗരവമായി കാണുന്നതാണ്.

7) ജീവനക്കാരുടെ ഹോം സ്റ്റേഷനിൽ നിന്നും പുറം സ്ഥാപനത്തിലേക്ക് അവസാനം സ്ഥലംമാറ്റപ്പെട്ടതിനു ശേഷമുള്ള പുറംസ്ഥാപനത്തിലെ സേവനകാലം മാത്രമേ സ്ഥലംമാറ്റത്തിന് അർഹതയുള്ള സർവ്വീസായി പരിഗണിക്കൂ.

8) പ്രമോഷൻ സ്വമേധയാ വേണ്ടെന്നുവെയ്ക്കുന്നവരെ (റിലിംക്വിഷ്മെന്റ്) സ്ഥലംമാറ്റ മാനദണ്ഡത്തിൽ നിന്നും ഒഴിവാക്കുന്നതല്ല.

9) മലയോര മേഖലകളിലും ദുർഘടസ്ഥലങ്ങളിലും ഗ്രാമീണമേഖലകളിലും കുറഞ്ഞത് 3 വർഷം ജോലി ചെയ്ത ജീവനക്കാർക്ക് അവർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിലേക്ക് സ്ഥലംമാറ്റം നൽകാൻ ശ്രമിക്കേണ്ടതാണ് (ഈ കാലയളവിൽ അവധിയോ, മറ്റ് കാരണങ്ങളാലോ ജോലിയിൽനിന്ന് മാറി നിൽക്കേണ്ടി വന്നാൽ ആ കാലയളവ് സ്ഥലംമാറ്റത്തിന് പരിഗണിക്കുന്നതല്ല).

10) സർവ്വീസ് കണക്കാക്കുമ്പോൾ ജീവനക്കാരൻ എടുത്തിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് കൂടാതെയുള്ള ശൂന്യവേതന അവധി, ജോലിയിൽ നിന്ന് വിട്ടുനിന്ന ഇതര കാലയളവ് എന്നിവ പരിഗണിക്കുന്നതല്ല. കാലാവധി കണക്കാക്കുന്നത് ജീവനക്കാരൻ പുതിയ സ്ഥലത്ത് ചാർജ്ജെടുത്ത തീയതി മുതലായിരിക്കും.

11) വകുപ്പിലെ ദമ്പതിമാരായ ജീവനക്കാർക്ക് പരമാവധി ഒരേ സ്റ്റേഷനിലോ സമീപ സ്റ്റേഷനിലോ നിയമനം നൽകേണ്ടതാണ്.

12) സ്ഥലംമാറ്റം ചെയ്യപ്പെടുന്നയാൾ നിർബന്ധമായും അനുവദനീയമായ സമയപരിധിക്കുള്ളിൽ പുതിയ സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ഇത് ലംഘിക്കുന്നവർക്ക് എതിരെ ഉടനടി നിയമനാധികാരി അച്ചടക്ക നടപടി സ്വീകരിച്ച് തൊട്ടടുത്ത മേലധികാരിയെ അറിയിക്കേണ്ടതാണ്.

13) ഒരു സ്റ്റേഷനിലേക്ക് ഒന്നിൽ കൂടുതൽ സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ ലഭിക്കുകയാണെങ്കിൽ ഏറ്റവും കൂടുതൽ പുറം സർവ്വീസ് ഉള്ളതും പ്രസ്തുത സ്റ്റേഷനിൽ ജോലി ചെയ്തിട്ടില്ലാത്തതുമായ അപേക്ഷകന് മുൻഗണന നൽകുന്നതാണ്.

14) ഒരു സ്റ്റേഷനിൽ 3 വർഷം പൂർത്തിയാക്കിയെന്ന കാരണത്താൽ ഒരാളെ സ്ഥലംമാറ്റേണ്ടതില്ല. മറ്റൊരു സ്റ്റേഷനിൽ 3 വർഷം പൂർത്തിയാക്കിയ അപേക്ഷകൻ ആ സ്റ്റേഷനിൽ സ്ഥലംമാറ്റം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ മാത്രം സ്ഥലംമാറ്റം നടത്തിയാൽ മതിയാകുന്നതാണ്. എന്നാൽ പൊതുതാല്പര്യം മുൻനിർത്തി സർക്കാരിന്റെ അനുമതിയോടെ ആവശ്യമെങ്കിൽ സ്ഥലംമാറ്റം നടത്താവുന്നതാണ്.

15) ഓഫീസിന്റെയോ മറ്റു സ്ഥാപനങ്ങളുടെയോ സുഗമമായ പ്രവർത്തനത്തിന് ഒരു ജീവനക്കാരനെ ആ ഓഫീസിൽ/സ്ഥാപനത്തിൽ നിന്ന് മാറ്റേണ്ടത് അനുപേക്ഷണീയം ആണെന്ന് ഉത്തമ ബോധ്യമുള്ളപക്ഷം ടിയാനെ സ്ഥലംമാറ്റാവുന്നതാണ്. ഇപ്രകാരം സ്ഥലംമാറ്റം നടത്തുമ്പോൾ അതിൽ ഉൾക്കൊള്ളുന്ന പൊതുതാല്പര്യം ഉത്തരവിൽ വ്യക്തമാക്കിയിരിക്കേണ്ടതാണ്.

16) <u>സഹതാപാർഹമായ സാഹചര്യങ്ങൾ:-</u>

1. ഗുരുതരമായ അസുഖത്തേയോ അപകടത്തേയോ തുടർന്ന് ഒരു ഉദ്യോഗസ്ഥന് സ്ഥായിയായ അംഗവൈകല്യം സംഭവിക്കുകയും പരസഹായം അത്യന്താപേക്ഷിതമാവുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ
2. വിദഗ്ദ ചികിത്സ മറ്റൊരിടത്തും ലഭ്യമല്ലായെന്ന് വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തുമ്പോൾ.
3. ഉദ്യോഗസ്ഥന്റെ ഭാര്യക്കോ (ഉദ്യോഗസ്ഥയാണെങ്കിൽ ഭർത്താവിനോ) പൂർണ്ണമായും ആശ്രയിച്ചു കഴിയുന്ന മകനോ മകൾക്കോ ഗുരുതരമായ രോഗം പിടിപ്പെട്ട് ചികിത്സയിൽ കഴിയുമ്പോൾ ടിയാന്റെ/ടിയാളുടെ സാന്നിദ്ധ്യവും നേരിട്ടുള്ള പരിചരണവും രോഗിക്ക് നിർബന്ധമാണെന്ന് ബോധ്യപ്പെട്ടതായി വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തുന്ന സാഹചര്യത്തിൽ.

17) ഡെപ്യൂട്ടേഷൻ (ഫോറിൻ സർവ്വീസ്) കാലാവധി സ്ഥലംമാറ്റത്തിനായി പരിഗണിക്കപ്പെടുന്ന സർവ്വീസിന് ഉൾപ്പെടുത്തുകയില്ല.

18) സ്വന്തം/ഓപ്റ്റ് ചെയ്ത ജില്ലയിലേക്കുള്ള സ്ഥലംമാറ്റങ്ങൾക്ക് ജില്ലയിൽ തുടർച്ചയായി എല്ലാ കേഡറിലും ഉള്ള മൊത്തം സർവ്വീസും കണക്കിലെടുക്കണം.

19) സ്വന്തം/ഓപ്റ്റ് ചെയ്ത ജില്ലയിലേക്കുള്ള സ്ഥലംമാറ്റത്തിന് ഒന്നിൽ കൂടുതൽ ജില്ലകളിലെ സർവ്വീസുണ്ടെങ്കിൽ അവ ഒരുമിച്ച് കണക്കിലെടുക്കേണ്ടതാണ്. വിവിധ കേഡറിലുള്ള സർവ്വീസുകൾ ഒരുമിച്ച് കണക്കിലെടുക്കാവുന്നതാണ്.

20) പെൻഷന് രണ്ട് വർഷം സർവ്വീസ് ബാക്കിയുള്ളവർക്ക് സ്വന്തം താല്പര്യ പ്രകാരം സ്ഥലംമാറ്റം മുൻഗണനാക്രമത്തിൽ നൽകേണ്ടതാണ് (വിരമിക്കാൻ കുറഞ്ഞ കാലമുള്ളവർക്കായിരിക്കും മുൻഗണന നൽകുക).

21) ജീവനക്കാരുടെ ആശ്രിതനോ, ബന്ധുക്കളോ മറ്റാരെങ്കിലുമോ നൽകുന്ന അപേക്ഷകൾ കയ്യോടെ നിരസിക്കേണ്ടതാണ്.

22) വളരെ കൂടുതൽ അപേക്ഷകർ ഒരേ സ്ഥലത്തേക്ക് മാറ്റം ആവശ്യപ്പെടുന്ന സന്ദർഭത്തിൽ താഴെപ്പറയും പ്രകാരം ക്രമം നിശ്ചയിച്ച് പരിഗണിക്കേണ്ടതാണ്.

1. സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്ന സമയത്ത് ഒരു സ്റ്റേഷനിൽ തുടർച്ചയായിട്ടുള്ള സേവന കാലദൈർഘ്യം.
2. സ്ഥലംമാറ്റം ആവശ്യപ്പെടുന്ന സ്റ്റേഷന് പുറത്തുള്ള സേവനകാല ദൈർഘ്യത്തിനാണ് ഒന്നാമതായി പരിഗണന നൽകേണ്ടത്. എന്നാൽ ഒരു വർഷത്തിനുമേലുള്ള മലയോര/റിമോർട്ട് പ്രദേശങ്ങളിൽ ജോലി നോക്കിയിട്ടുള്ളവർക്കും ദുർഘടം പിടിച്ച ജോലി നോക്കുന്നവർക്കും മിലിട്ടറി സേവനകാലം തൃപ്തികരമായി പൂർത്തിയാക്കിയിട്ടുള്ളവർക്കും രണ്ട് വർഷത്തെ സേവനം മൂന്ന് വർഷമായി പരിഗണിക്കാവുന്നതാണ്. അങ്ങനെ കണക്കാക്കുമ്പോൾ തുല്യത വരുന്നപക്ഷം സർവ്വീസ് കൂടുതലുള്ള ആൾക്ക് മുൻഗണന നൽകുന്നതാണ്.

23) പട്ടികജാതി-പട്ടികവർഗ്ഗം, വികലാംഗർ, സൈനിക സേവനം പൂർത്തിയാക്കിയവർ, ജവാന്റെ ബന്ധു തുടങ്ങിയവർക്ക് നിലവിലുള്ള മുൻഗണനാക്രമം സ്ഥലംമാറ്റ സൗജന്യം തുടരുന്നതാണ്.

24) പരസ്പരം സ്ഥലംമാറ്റത്തിനുവേണ്ടിയുള്ള അപേക്ഷകൾ പരിഗണിക്കേണ്ടതില്ല.

25) സ്ഥലംമാറ്റം സംബന്ധിച്ച നടപടികൾ ഓൺലൈൻ സംവിധാനം വഴി ആയിരിക്കണം നടത്തുക.

26) 31-08-2021 വച്ചാകും പൊതുസ്ഥലംമാറ്റത്തിനുള്ള സർവ്വീസ് ദൈർഘ്യം കണക്കാക്കുക.

27) ട്രൈബൽ, മലയോര, എത്തിച്ചേരാൻ ദുഷ്കരമായ പ്രദേശങ്ങളിലുള്ള സ്ഥലങ്ങളിൽ ജോലി ചെയ്യുന്നവർക്ക് സ്ഥലംമാറ്റത്തിന് സീനിയോറിറ്റി കണക്കാക്കുന്നത് ചുവടെപ്പറയുന്ന മാനദണ്ഡങ്ങൾ കൂടി പരിഗണിച്ചായിരിക്കും. മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ ജോലി ചെയ്ത് രണ്ട് വർഷം പൂർത്തിയാക്കിയവർക്ക് അത് മൂന്ന് വർഷമായി പരിഗണിക്കുന്നതാണ്. തുടർന്നുള്ള ഓരോ വർഷത്തെ സർവ്വീസ് ഒന്നര വർഷത്തെ സർവ്വീസ് ആയി പരിഗണിക്കുന്നതാണ്. രണ്ട് വർഷത്തിൽ കുറവ് സർവ്വീസ് ഉള്ളവർക്ക് ഈ ആനുകൂല്യം ബാധകമാകുകയില്ല.

എ) **ബുദ്ധിമുട്ടുള്ള പ്രദേശം:**

| | |
|---|---|
| 1. തിരുവനന്തപുരം | 1) പി.എച്ച്.സി. അമ്പൂരി |
| 2. കൊല്ലം | 1) പി.എച്ച്.സി. അച്ചൻകോവിൽ<br>2) പി.എച്ച്.സി. തെന്മല |
| 3. പത്തനംതിട്ട | 1) പി.എച്ച്.സി. കാക്കത്തോട്<br>2) പി.എച്ച്.സി. താന്നിത്തോട്<br>3) പി.എച്ച്.സി. സീതത്തോട് |
| 4. ആലപ്പുഴ | 1) പെരുംമ്പളം |
| 5. കോട്ടയം | ഇല്ല |
| 6. എറണാകുളം | 1) പി.എച്ച്.സി. വലന്തക്കാട്<br>2) പി.എച്ച്.സി. കുട്ടമ്പുഴ<br>3) പി.എച്ച്.സി. അയ്യമ്പുഴ |
| 7. തൃശ്ശൂർ | 1) പി.എച്ച്.സി. വെറ്റിലപ്പാറ<br>2) പി.എച്ച്.സി. വരവൂർ<br>3) പി.എച്ച്.സി. ചിമ്മിനി ഡാം |
| 8. പാലക്കാട് | 1) പി.എച്ച്.സി. ഷോളയാർ<br>2) പി.എച്ച്.സി. പറമ്പിക്കുളം<br>3) പി.എച്ച്.സി. അഗളി |
| 9. കോഴിക്കോട് | 1) പി.എച്ച്.സി. വാണിമേൽ<br>2) പി.എച്ച്.സി. കുണ്ടുതോട്<br>3) പി.എച്ച്.സി. നരിപ്പറ്റ |

| | |
|---|---|
| 10. കണ്ണൂർ | 1) പി.എച്ച്.സി. കേളകം<br>2) പി.എച്ച്.സി. പെരുവ<br>3) പി.എച്ച്.സി. കരിക്കോട്ടക്കരി<br>4) പി.എച്ച്.സി. ചന്ദനക്കാംപാറ<br>5) പി.എച്ച്.സി. അങ്ങാടിക്കടവ്<br>6) പി.എച്ച്.സി. എരുവാശ്ശേരി |
| 11. മലപ്പുറം | 1) പി.എച്ച്.സി. കരുവാരക്കുണ്ട്<br>2) പി.എച്ച്.സി. ചെക്കാട്<br>3) പി.എച്ച്.സി. വെട്ടത്തൂർ<br>4) പി.എച്ച്.സി. പൊൻമല<br>5) പി.എച്ച്.സി. മുത്തേടം<br>6) പി.എച്ച്.സി. ചാത്തല്ലൂർ |
| 12. വയനാട്<br>13. ഇടുക്കി<br>14. കാസർഗോഡ് | എല്ലാ പഞ്ചായത്തിലുമുള്ള എല്ലാ സ്ഥാപനങ്ങളും (ജില്ലാ താലൂക്ക് ആസ്ഥാനങ്ങൾ ഒഴികെ) |

28) ട്രൈബൽ, മലയോര, എത്തിച്ചേരാൻ ദുഷ്കരമായ പ്രദേശങ്ങളിലുള്ള സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സ്ഥലംമാറ്റം ആഗ്രഹിക്കുന്നവർ സ്ഥലംമാറ്റ അപേക്ഷയ്ക്ക് മൂന്ന് വർഷം സർവ്വീസ് വേണമെന്ന വ്യവസ്ഥയിൽ ഇളവ് അനുവദിക്കുന്നതാണ്.

29) ക്ലാസ് 4 ജീവനക്കാർക്ക് പൊതു സ്ഥലംമാറ്റം ഇല്ല. ആയതിനാൽ ജില്ലാ മെഡിക്കൽ ആഫീസർമാർ അത്തരം അപേക്ഷകൾ അയയ്ക്കേണ്ടതില്ല.

30) ജില്ലാ അടിസ്ഥാനത്തിലുള്ള നിയമനത്തിനായി തെരഞ്ഞെടുക്കപ്പെട്ട ജീവനക്കാരുടെ (ഡി.ആർ.ബി) അന്തർജില്ലാ സ്ഥലംമാറ്റത്തിനായി നിർദ്ദിഷ്ട അനുപാതത്തിൽ മാറ്റി വച്ചിട്ടുള്ള ഒഴിവുകൾ തസ്തിക തിരിച്ച് ഈ സർക്കുലർ പ്രസിദ്ധീകരിച്ച് രണ്ട് ദിവസത്തിനകം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്.

30) സൂപ്പർ ന്യൂമററി തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സ്ഥലംമാറ്റ അപേക്ഷ ഫോർവേർഡ് ചെയ്യേണ്ടതില്ല.

31) അനുകമ്പാർഹമായ കാരണങ്ങളാൽ സ്ഥലംമാറ്റത്തിന് മുൻഗണ ആവശ്യപ്പെടുന്ന ജീവനക്കാർ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ സ്ഥാപന മേധാവിയ്ക്ക് നൽകി സ്ഥാപന മേധാവി ആയത് ഉറപ്പുവരുത്തിയ ശേഷമേ അപേക്ഷ അയയ്ക്കുവാൻ പാടുള്ളൂ.

32) പരാമർശ ഉത്തരവ് (2) നു ശേഷം ജില്ലാ മെഡിക്കൽ ഓഫീസർമാർ യാതൊരു സ്ഥലംമാറ്റ ഉത്തരവും പുറപ്പെടുവിക്കുവാൻ പാടില്ല.

ആരോഗ്യ വകുപ്പ് ഡയറക്ടർ

സ്വീകർത്താവ്:

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും / ജീവനക്കാർക്കും

പകർപ്പ്:

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്